തുഞ്ചത്ത് എഴുത്തച്ഛൻ
**മലയാളസർവ്വകലാശാല**
വാക്കാട്, മലപ്പുറം - 676 502
ഫോൺ : 0494 2631230

നം. 395/എ1/2022/അഡ്മിൻ.

07.08.2023

വിഷയം:- പൊതുസഭ വിപുലീകരിക്കുന്നതിലേക്ക് സ്കൂൾ ഡയറക്ടർമാരിൽ നിന്ന് ഒരംഗത്തെ തിരഞ്ഞെടുക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1) വൈസ് ചാൻസലറുടെ 03.08.2023 ലെ ഉത്തരവ്.

2) 29.07.2023 ന് പ്രസിദ്ധീകരിച്ച സ്കൂൾ ഡയറക്ടർമാരുടെ വോട്ടർപട്ടിക.

## വിജ്ഞാപനം

2013 ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവ്വകലാശാല ആക്ട് അദ്ധ്യായം III 9 (സി) iii, 2019 ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവ്വകലാശാല ആദ്യ സ്റ്റാറ്റ്യൂട്ട് എന്നിവ പ്രകാരം പൊതുസഭയിലേക്ക് സർവകലാശാലയിലെ സ്കൂളുകളിലെ ഡയറക്ടർമാരുടെ മണ്ഡലത്തിൽ നിന്നും ഒരംഗത്തെ തിരഞ്ഞെടുക്കുന്നതിന് വിജ്ഞാപനം പുറപ്പെടുവിക്കുന്നു. പരാമർശം (2) പ്രകാരം അന്തിമ വോട്ടർപട്ടികയിൽ പേര് പ്രസിദ്ധീകരിച്ചിട്ടുള്ള എല്ലാ സ്കൂൾ ഡയറക്ടർമാർക്കും ഒരംഗത്തെ പൊതുസഭയിലേക്ക് തിരഞ്ഞെടുക്കുന്നതിനായി വോട്ട് രേഖപ്പെടുത്തുവാൻ അവകാശമുണ്ടായിരിക്കും.

ഈ വിജ്ഞാപന പ്രകാരം സ്കൂൾ ഡയറക്ടർമാരിൽ നിന്ന് പൊതുസഭയിലേക്കുള്ള തിരഞ്ഞെടുപ്പ് താഴെ ചേർത്ത തീയതി ക്രമ പ്രകാരം നടത്തുന്നതാണ്.

| | | | |
|---|---|---|---|
| 1. | തിരഞ്ഞെടുപ്പ് വിജ്ഞാപനം പുറപ്പെടുവിക്കുന്ന തീയതി | - | 07.08.2023 |
| 2. | നാമനിർദ്ദേശപത്രിക സമർപ്പണം | - | 08.08.2023 മുതൽ 11.08.2023 വരെ (2 മണി വരെ) |
| 3. | നാമനിർദ്ദേശപത്രിക സൂക്ഷ്മപരിശോധന | - | 14.08.2023 |
| 4. | സ്ഥാനാർത്ഥി പട്ടികയുടെ പ്രസിദ്ധീകരണം | - | 16.08.2023 |
| 5. | നാമനിർദ്ദേശപത്രിക പിൻവലിക്കൽ | - | 17.08.2023 വൈകുന്നേരം 3 മണി വരെ |
| 6. | അന്തിമ സ്ഥാനാർത്ഥി പട്ടിക പ്രസിദ്ധീകരിക്കൽ | - | 18.08.2023 |
| 7. | തിരഞ്ഞെടുപ്പ് നടത്തുന്ന തീയതി | - | 23.08.2023 (രാവിലെ 10 മുതൽ 1 മണി വരെ) |
| 8. | തിരഞ്ഞെടുപ്പ് നടത്തുന്ന സ്ഥലം | - | സർവകലാശാലാ കാമ്പസ്, വാക്കാട് |
| 9. | വോട്ടെണ്ണൽ | - | 23.08.2023 ഉച്ചയ്ക്ക് ശേഷം 2.30 ന് |
| 10. | വോട്ടെണ്ണൽ കേന്ദ്രം | - | സർവകലാശാലാ കാമ്പസ്, വാക്കാട് |
| 11. | ഫലപ്രഖ്യാപനം | - | 23.08.2023 ഉച്ചയ്ക്ക് ശേഷം 3.30 ന് |

സ്ഥാനാർത്ഥി പട്ടികയിൽ പേരുള്ള വോട്ടർമാർക്ക് നാമനിർദ്ദേശപത്രികയുടെ നിശ്ചിത മാതൃകയിലുള്ള ഫോറം 08.08.2023 ന് രാവിലെ 11 മണി മുതൽ വരണാധികാരിയിൽ നിന്നും സൗജന്യമായി ലഭിക്കുന്നതാണ്.

11.08.2023 ന് ഉച്ചയ്ക്ക് 2 മണിക്ക് മുൻപായി നാമനിർദ്ദേശപത്രിക മലയാളസർവ്വകലാശാല രജിസ്ട്രാർ & വരണാധികാരിയുടെ കാര്യാലയത്തിലുള്ള പെട്ടിയിൽ നിക്ഷേപിക്കേണ്ടതാണ്.

തിരൂർ
മലപ്പുറം

വരണാധികാരി